LIBRARY ARCHIVES Kerala Legislative Assembly

കിഫ്ബി പരസ്യത്തിനായി ചെലവഴിച്ച തുക

23(5177) ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള ഓരോ സാമ്പത്തിക വർഷങ്ങളിലും കിഫ്ബി പരസ്യത്തിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

2016-17 മുതൽ 2020-21 വരെയുള്ള ഓരോ സാമ്പത്തിക വർഷങ്ങളിലും കിഫ്ബി പരസ്യത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. *

(ബി) പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, മറ്റിതര പ്രചരണ സംവിധാനങ്ങൾ എന്നിങ്ങനെ വിവിധയിനങ്ങളിൽ ചെലവായ തുക എത്രയെന്ന് പ്രത്യേകമായി നൽകാമോ?

പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, മറ്റിതര പ്രചരണ സംവിധാനങ്ങൾ എന്നിങ്ങനെ വിവിധ ഇനങ്ങളിൽ ചെലവായ തുകയുടെ വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു.*

കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് പുനരുദ്ധാരണം

24(5178) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂറ്റ്യാടി മണ്ഡലത്തിലെ കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡിൽ എട്ടുവർഷത്തോളമായി പുനരുദ്ധാരണം നടത്താതിരുന്നതിനാൽ ഗതാഗതത്തിന് വളരെയധികം പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ സ്ഥലമെടുപ്പിന് കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലെ റോഡ് കാലതാമസം കൂടാതെ ഗതാഗതയോഗ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.